പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4195

03-02-2014-ൽ മറുപടിക്ക്

ഹയർ സെക്കണ്ടറി സ്കൂളുകളിൽ വാട്ടർ ആന്റ് സാനിട്ടേഷൻ സെന്ററുകൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ.വി.റ്റി. ബൽറാം<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ലൂഡി ലൂയിസ്. | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ വാട്ടർ ആന്റ് സാനിട്ടേഷൻ സെന്ററുകൾ സ്ഥാപിക്കാനുദ്ദേശിക്കുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്; സംസ്ഥാനത്തെ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂളുകളുടെ സഹായത്താൽ പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ജലസംരക്ഷണം, ഭൂജല പരിപോഷണം, മഴവെള്ള സംഭരണം, ജലഗുണനിലവാരം, മാലിന്യസംസ്കരണം എന്നിവയിൽ കൂടുതൽ അറിവും സാങ്കേതിക സഹായവും നൽകുന്ന സംവിധാനമാണ് വാട്ടർ ആന്റ് സാനിട്ടേഷൻ സെന്റർ. |
| (ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം? | (ബി) ജലസംരക്ഷണം ഭൂജല പരിപോഷണം, മഴവെള്ള സംഭരണം, ജലഗുണനിലവാരം, മാലിന്യസംസ്കരണം എന്നിവയിൽ വിദ്യാർത്ഥികൾക്കും അതുവഴി സമൂഹത്തിനും ആവശ്യമായ നിർ ദ്ദേശങ്ങളും മാർഗ്ഗങ്ങളും നൽകി വ്യാപിപ്പിക്കുകയാണ് വാട്ടർ ആന്റ് സാനിട്ടേഷൻ സെന്ററിന്റെ ഉദ്ദേശലക്ഷ്യങ്ങൾ. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതിന്റെ പ്രവൃത്തികൾക്കായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) ജലവിഭവ വകുപ്പിന് കീഴിലുള്ള സി.സി.ഡി.യു. ആണ് വാട്ടർ ആന്റ് സാനിട്ടേഷൻ സെന്ററിന്റെ പ്രവൃത്തികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നത്. മറ്റ് ഏജൻസികൾ സഹകരിയ്ക്കുന്നില്ല. |
| (ഡി) ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് സെന്ററുകളിൽ ഏർപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) നിലവിൽ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ സെന്ററുകളിൽ സൗകര്യം ഏർ പ്പെടുത്തിയിട്ടില്ല. എന്നാൽ ഫീൽഡ് ടെസ്റ്റ് കിറ്റ് ഉപയോഗിച്ച് ജലഗുണനിലവാരം പരിശോധിക്കുവാനുള്ള സംവിധാനം ഏർ പ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ